
പുസ്തകം

●

ശിഹാബ് പൂക്കോട്ടൂർ

# മരണവഴിയിലെ ജീവിതങ്ങൾ




**മരണം** സൂര്യനെപ്പോലെയാണ്, അസ്തമയമില്ല. ഇരുളും വെളിച്ചവും സൂര്യന്റെ തന്നെ രണ്ടു ഭാഗങ്ങളാണ്; ജീവിതവും മരണവും പോലെ. തികച്ചും സ്വാഭാവികമായ ജീവിത ഭാഗമാണ് മരണം. ജീവിതത്തിന് പുറത്തുള്ള വ്യവഹാരമായി മരണത്തെ കാണാൻ പൗരസ്ത്യ തത്ത്വശാസ്ത്രങ്ങൾ മുഴുവൻ വിസമ്മതിച്ചിരിക്കുന്നു. നിഗൂഢത പൗരസ്ത്യ ദർശനങ്ങളുടെ പ്രത്യേകതയാണ്. അദൃശ്യപരത കിഴക്കിന്റെ മതങ്ങളിൽ ഏറക്കുറെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. അപരനെ മനസ്സിലാക്കാൻ ഇവർ വിശ്വാസമാണ് ആയുധമാക്കുന്നത്. കീഴടക്കലിനും സഹകരണത്തിനും നിദാനമായി വിശ്വാസത്തെ (faith) കാണുന്നു. പൗരസ്ത്യ പാശ്ചാത്യ ദർശനങ്ങളിലെ ജീവിത–മരണത്തോടുള്ള ഇഴയടുപ്പം പരിശോധിക്കുന്ന ഗ്രന്ഥമാണ് *ദ ടിബറ്റൻ ബുക് ഓഫ് ലിവിംഗ് ആന്റ് ഡയിംഗ് (റിൻപോഷെ)* (The Tibetan Book of Living and Dying - Rinpoche). റിൻപോഷെയുടെ ഈ ഗ്രന്ഥം ആരംഭിക്കുന്നത് ബുദ്ധഭിക്ഷുക്കളുടെ ജീവിത ഇടപാടുകളിൽ നിന്നാണ്. ജീവിത വിശുദ്ധിയുടെ തെളിമയും നിഷ്കളങ്കതയും മരണത്തിലും വെച്ചുപുലർത്തുന്ന ആത്മീയ അച്ചടക്കത്തിന്റെ അനുഭവ വിവരങ്ങളുടെ വളർച്ചയാണ് ഈ പുസ്തകം. നിസ്വാർഥമായ ജീവിതത്തിൽ സ്വയം തെരഞ്ഞെടുക്കുന്ന മരണത്തിന്റെ ശാന്തസുന്ദരമായ ഗാംഭീര്യത്തിൽ നിന്നാണ് നിഗൂഢതയിലേക്കും നിഗൂഢതക്ക് ഇടംനൽകുന്ന തത്ത്വശാസ്ത്രത്തിലേക്കും അന്വേഷണം വ്യാപിക്കുന്നത്. ത്യാഗോജ്വലമായ ജീവിതത്തിന്റെ പരമമായ അനുഭൂതി എന്ന നിലക്കാണ് ബുദ്ധഭിക്ഷുക്കൾ മരണത്തെ കാണുന്നത്. ഒരേസമയം മരണം ഭൗതികവും ആത്മീയവു

മായ ഒരു ഇടപാടാണ്.

ധ്യാനനിമഗ്നരായി പുഞ്ചിരിയോടെ മരണത്തെ സ്വീകരിക്കുന്ന അനവധി ബുദ്ധഭിക്ഷുക്കളുടെ നിർവാണ പ്രക്രിയയിലൂടെയാണ് പൗരസ്ത്യ വിശുദ്ധിയെ ഗ്രന്ഥകാരൻ വായിച്ചെടുക്കുന്നത്. രാവിലെ എഴുന്നേറ്റ് ജീവിത ഇടപാടുകളിൽ മുഴുകിയിരിക്കുന്നതുപോലെ ഒരു ഉൾവിശുദ്ധിയുടെ താളക്രമമായി അവർ മരണത്തിൽ വിലയം കൊള്ളുന്നു. പുസ്തകത്തിന് അവതാരിക എഴുതിയ ദലൈലാമ മരണത്തെയും ജീവിതത്തെയും കുറിച്ചുള്ള തത്ത്വശാസ്ത്രത്തിന് അടിവരയിടുന്നുണ്ട്. മരണം ജൈവികമായ ഇടപാടായി സമീപിക്കുന്ന ബുദ്ധ വീക്ഷണത്തെയും പൗരസ്ത്യ ദർശനങ്ങളെയും അവതാരികയിൽ ചേർത്തുനിർത്തുന്നുണ്ട്. നിഗൂഢത ഉടലെടുക്കുന്നത് വിശ്വാസത്തിന്റെ ഭാഗമായിട്ടാണ്. അതീന്ദ്രിയമായതിൽ വിശ്വാസമർപ്പിക്കുമ്പോഴാണ് ആത്മീയാനുഭൂതികൾ ലഭിക്കുന്നത്. അദൃശ്യമായതിൽ വിശ്വസിക്കുക സെമിറ്റിക്, ഹൈന്ദവ, ബുദ്ധ, ജൈന മതങ്ങളുടെ പൊതുസ്വഭാവമാണ്. നീതി, ദയ, കാരുണ്യം, സ്നേഹം, ഗുണകാംക്ഷ തുടങ്ങിയ മൂല്യങ്ങളുടെ പ്രചോദനകേന്ദ്രമായി യുക്തിപരതയെ മാത്രമല്ല അദൃശ്യപരമായ ഒരു കേന്ദ്രത്തെകൂടി അവലംബിക്കുന്നതാണ് പൗരസ്ത്യ മതങ്ങളുടെ പൊതുവായ രീതി; പ്രായോഗികമായ ഇടപാടുകളിൽ വ്യത്യാസങ്ങൾ ഉണ്ടാവാമെങ്കിലും.

ഗ്രീക്ക് യുക്തിപരതയെ നിഗൂഢതയുടെ നേരുകൊണ്ടായിരുന്നു ഇമാം ഗസ്സാലി നേരിട്ടത്. ഇസ്ലാമിക ദർശനത്തിന്റെ അനന്ത സാധ്യതകളിലൂടെയാണ് അദ്ദേഹം വഴിനടന്നത്. വിശുദ്ധിയുടെ ഉള്ളുറപ്പുകളിലായിരുന്നു അദ്ദേഹത്തിന്റെ ജീവിതവും. അബൂദർറുൽ ഗിഫാരിയുടെ ജീവിത-മരണവുമായി ബന്ധപ്പെട്ട ചരിത്രത്തിലും ഈ വ്യതിരിക്തത കാണാം. ത്യാഗം എന്ന അനുബന്ധം കൂടി ഈ ഉൾചേർച്ചക്ക് ആവശ്യമായി വർത്തിക്കുന്നുണ്ട്. ത്യാഗോജ്വലമായ ജീവിതക്രമങ്ങളാണ് മരണത്തെ മുഖാമുഖം സ്വീകരിക്കാനുള്ള ഉപാധിയായി തീരുന്നത്. പോരാട്ടം, പ്രണയം, സംഘർഷം എന്നിവയിൽ വിശ്വാസത്തിന് വലിയ സാധ്യതകൾ കൽപിക്കുന്ന ഒരു രീതിയാണ് പൗരസ്ത്യ ദർശനങ്ങളുടേത്. ധർമസമരം എന്ന സംജ്ഞ ഈ ദർശനങ്ങളുടെ കാതലായി വർത്തിക്കുന്നതും അതുകൊണ്ടുതന്നെയാണ്. സ്വയം പൊട്ടിത്തെറിക്കുക എന്ന രീതി തന്നെ (ചാവേറുകൾ) വിശ്വാസവുമായി ബന്ധപ്പെട്ടാണ് രൂപപ്പെടുന്നത്. ത്യാഗം (തദ്ഹിയത്ത്), സമരം (ജിഹാദ്), രക്തസാക്ഷ്യം(ശഹാദത്ത്) തുടങ്ങിയ പരികൽപനകൾ കിഴക്കിന്റെ ദർശനങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്നത് അവയിൽ ദൃശ്യം/അദൃശ്യം എന്നീ ദ്വന്ദ്വങ്ങളുടെ ഇഴുകിച്ചേരൽ സംഭവിക്കുന്നതു കൊണ്ടാണ്. 'ജീവിതത്തിനു ശേഷം ജീവിതം' എന്ന വിശേഷണത്തിലൂടെയാണ് അവ മരണത്തെ പരിചയപ്പെടുത്തുന്നത്. ധർമങ്ങളോടുള്ള പ്രതിബദ്ധത അവയുടെ വ്യതിരിക്തതയായിത്തീരുന്നു. ഭൗതികവും നിഗൂഢവുമായ ലോകങ്ങളുടെ കൂട്ടിയിണക്കലായിട്ടാണ് കർമങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ പാശ്ചാത്യ ദർശനങ്ങളിൽ അപരനുമായിട്ടുള്ള ബന്ധം ജ്ഞാനത്തിലൂടെയാണ്. യുക്തിപരതയെ കൂടുതൽ അവലംബിച്ചുകൊണ്ടാണ് ജീവിതത്തിന്റെ സങ്കീർണതകളെ വ്യാഖ്യാനിക്കാൻ അവ ശ്രമിച്ചിട്ടുള്ളത്. മരണത്തെയും ശേഷമുള്ള അവസ്ഥയെയും ഗൗരവത്തിൽ കാണാൻ അവ തയാറായിട്ടില്ല. അപരനെ കണ്ടെത്തുന്നതിലും കീഴടക്കുന്നതിലും ജ്ഞാനവും യുക്തിയുമാണ് ഇവിടെ നിമിത്തമായി വർത്തിക്കുന്നത്. അനുഷ്ഠാനങ്ങളെയും അദൃശ്യവുമായി ബന്ധ

പ്പെടുത്താൻ പാശ്ചാത്യ തത്ത്വശാസ്ത്രങ്ങൾക്ക് സാധിച്ചിട്ടില്ല. മരണം ജീവിതത്തിന് പുറത്തുള്ള വ്യവഹാരമായിട്ടാണ് അവ വിലയിരുത്തുന്നത്. തികച്ചും റാഷണലായ ഒന്നിനെ മാത്രമേ ജ്ഞാനമണ്ഡലത്തിൽ കുടിയിരുത്താൻ അവർക്ക് സാധിക്കുകയുള്ളൂ. മരണത്തെ ജീവിതത്തിന് പുറത്തുള്ള ഒന്നായി കണക്കാക്കുന്നതോടെ നിഷേധം ഉടലെടുക്കുകയും മരണഭീതി ജനിക്കുകയും ചെയ്യുന്നു. മരണത്തെ പൗരസ്ത്യരേക്കാൾ ഭീതിയോടെയാണ് പാശ്ചാത്യർ വീക്ഷിക്കുന്നത്. മരണഭീതിയിൽ നിന്നാണ് ജീവിതാസ്വാദനങ്ങൾക്ക് അവർ കൂടുതൽ ശ്രദ്ധനൽകുന്നത്. ഗൈബ് (അദൃശ്യം) ഈ ദർശനങ്ങളുടെ ഒരു ഘടകമല്ലാതായിത്തീരുന്നു. വിശ്വാസത്തിന് പകരം ജ്ഞാനത്തെ ബന്ധങ്ങളുടെ മാനദണ്ഡമായി സ്വീകരിക്കുന്നു. ജ്ഞാനം യുക്ത്യാധിഷ്ഠിതമാണ്. പൊട്ടിത്തെറിക്കുക/ചാവേറുകളാവുക എന്നതിനെ സങ്കൽപ്പിക്കാവുന്നതിലും അപ്പുറമുള്ള ഭീകരതയായിട്ടാണ് കാണുന്നത്. നിഗൂഢതയുമായിട്ടുള്ള ബന്ധങ്ങൾ വേർപ്പെടുത്തുന്നതോടെ ചെറുത്തുനിൽപ്പുകളെ/ജിഹാദുകളെ ഭീകരവാദമായും അനാവശ്യമായും അവ വിലയിരുത്തുന്നു. പാശ്ചാത്യ ദർശനങ്ങളുടെ പരിമിതിയായി റിൻപോഷെ മനസ്സിലാക്കുന്നത് ശാന്തമായ ജീവിത മരണങ്ങളുടെ ഇഴയടുപ്പം കുറവായതാണ്. അസ്വസ്ഥതകളിൽ നിന്ന് രൂപപ്പെടുന്ന പ്രക്രിയകളായി ഇതിനെ അദ്ദേഹം വിലയിരുത്തുന്നു. ആധുനികതയുമായി ബന്ധപ്പെടും തോറും പൗരസ്ത്യ ദർശനങ്ങളിലും ഈ കുറവ് കണ്ടെത്താനാവും. പൗരസ്ത്യ ദർശനങ്ങളുടെ പരിധിയും പരിമിതിയും വിലയിരുത്തുന്നതോടൊപ്പം രണ്ട് ദർശനങ്ങൾക്കിടയിലെ ചില കാതലായ വിചാരങ്ങൾ പങ്കുവെക്കുന്ന ഈ പുസ്തകം പുതിയ കാഴ്ച്ചപ്പെടലുകൾക്ക് സാധ്യതകൾ ബാക്കിവെക്കുന്നു. ■

shihabciefl@gmail.com